©

Government of Kerala
കേരള സർക്കാർ
2012

Reg. No. രജി. നമ്പർ
KL/TV(N)/12/12-14

# KERALA GAZETTE
# കേരള ഗസറ്റ്
# EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| **Vol. LVII** വാല്യം 57 | **Thiruvananthapuram, Wednesday** തിരുവനന്തപുരം, ബുധൻ | **22nd February 2012** 2012 ഫെബ്രുവരി 22 **3rd Phalguna 1933** 1933 ഫാൽഗുനം 3 | **No.** നമ്പർ **353** |

GOVERNMENT OF KERALA

**Election (General) Department**

NOTIFICATION

No. 5853/EL2/2011/Elec. *Dated, Thiruvananthapuram, 22nd February, 2012.*

The Election Commission of India's Notifications No. 100/KL-LA/1/2012, dated 22nd February, 2012 (English and Malayalam) are hereby published.

By Order,

NALINI NETTO,
*Chief Electoral Officer &*
*Principal Secretary to Government.*

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2012

33/809/2012/DTP.

# ELECTION COMMISSION OF INDIA

Nirvachan Sadan, Ashoka Road, New Delhi-110 001

*Dated: 22nd February, 2012*
*3rd Phalguna, 1933 (Saka).*

NOTIFICATION

**No. 100/KL-LA/1/2012.**—WHEREAS, the seat of Shri T. M. Jacob, in the Legislative Assembly of the Kerala State, elected from 85-Piravom Assembly Constituency has become vacant on 30-10-2011 by reason of his death; and

2. WHEREAS, a bye-election is to be held for the purpose of filling the vacancy so caused.

3. NOW, THEREFORE, in pursuance of sub-section (1) of Section 150, 30 and 56 of the Representation of the People Act, 1951 (43 of 1951), the Election Commission of India hereby,—

(A) Calls upon the 85-Piravom Assembly Constituency in the State of Kerala to elect, before the 25th March, 2012 (Sunday) and in accordance with the provisions of the said Act and of the rules and orders made thereunder, a person, for the purpose of filling the said vacancy in the Legislative Assembly of the State; and

(B) Appoints, with respect to the said election,—

(a) the 29-2-2012, (Wednesday) as the last date for making nominations;

(b) the 1-3-2012, (Thursday) as the date for the scrutiny of nominations;

(c) the 3-3-2012, (Saturday) as the last date for withdrawal of candidatures;

(d) the 18-3-2012, (Sunday) as the date, on which a poll shall, if necessary, be taken;

(e) the 25-3-2012, (Thursday) as the date before which the election shall be completed; and

(C) Fixes the hours from **7.00 A.M.** to **5.00 P.M.**, as the hours during which the poll shall, if necessary, be taken on the date specified above, for the election.

By Order,

TAPAS KUMAR,
*Principal Secretary,*
*Election Commission of India.*

# ഭാരത തെരഞ്ഞെടുപ്പ് കമ്മീഷൻ

നിർവാചൻ സദൻ, അശോക റോഡ്, ന്യൂഡൽഹി-110 001

*2012 ഫെബ്രുവരി 22*
*തീയതി: 1933 ഫാൽഗുനം 3 (ശക).*

## വിജ്ഞാപനം

**നമ്പർ 100/കെഎൽ-എൽഎ/1/2012.**—85-പിറവം നിയമസഭാ നിയോജകമണ്ഡലത്തിൽനിന്നും കേരള സംസ്ഥാന നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ശ്രീ. റ്റി. എം. ജേക്കബിന്റെ സീറ്റ് അദ്ദേഹത്തിന്റെ നിര്യാണംമൂലം 30-10-2011 മുതൽ ഒഴിഞ്ഞുകിടക്കുന്നതിനാലും;

2. അപ്രകാരം ഉണ്ടായ ഒഴിവ് നികത്തുന്നതിനുള്ള ആവശ്യത്തിലേക്കായി ഒരു ഉപതെരഞ്ഞെടുപ്പ് നടത്തേണ്ടതിനാലും;

3. ഇപ്പോൾ, അതിനാൽ, 1951-ലെ ജനപ്രാധിനിധ്യ ആക്റ്റിന്റെ (1951-ലെ 43), 150-ാം വകുപ്പ് (1)-ാം ഉപവകുപ്പ്, 30, 56 എന്നീ വകുപ്പുകൾ പ്രകാരം ഭാരത തെരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനാൽ,—

(ക) പ്രസ്തുത ആക്റ്റിലെയും അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും ഉത്തരവുകളിലെയും വ്യവസ്ഥകൾ പ്രകാരം, കേരള സംസ്ഥാന നിയമസഭയിലെ പ്രസ്തുത ഒഴിവ് നികത്തുന്നതിനുള്ള ആവശ്യത്തിലേക്കായി, 2012 മാർച്ച് 25 (ഞായറാഴ്ച)-നു മുൻപായി, ഒരാളിനെ തെരഞ്ഞെടുക്കുവാൻ കേരള സംസ്ഥാനത്തെ 85-പിറവം നിയമസഭാ നിയോജകമണ്ഡലത്തോട് ആവശ്യപ്പെടുന്നു; കൂടാതെ

(ഖ) പ്രസ്തുത തെരഞ്ഞെടുപ്പിനോടനുബന്ധിച്ച്,—

(ക) 29-2-2012 (ബുധനാഴ്ച), നാമനിർദ്ദേശ പത്രികകൾ സമർപ്പിക്കാനുള്ള അവസാന തീയതിയായും;

(ഖ) 1-3-2012 (വ്യാഴാഴ്ച), നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധനയ്ക്കുള്ള തീയതിയായും;

(ഗ) 3-3-2012 (ശനിയാഴ്ച), സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതിയായും;

(ഘ) 18-3-2012 (ഞായറാഴ്ച), ആവശ്യമുള്ളപക്ഷം, വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയായും;

(ങ) 25-3-2012 (വ്യാഴാഴ്ച), ഏതു തീയതിക്കു മുമ്പാണോ തെരഞ്ഞെടുപ്പ് പൂർത്തിയാക്കേണ്ടത് ആ തീയതിയായും;

നിശ്ചയിക്കുന്നു; കൂടാതെ

(ഗ) തെരഞ്ഞെടുപ്പിന്, മുകളിൽ നിർദ്ദേശിച്ചിട്ടുള്ള തീയതിയിൽ **രാവിലെ 7 മണി മുതൽ വൈകുന്നേരം 5 മണി** വരെയുള്ള സമയം, ആവശ്യമുള്ളപക്ഷം, വോട്ടെടുപ്പ് നടത്തുന്നതിനുള്ള സമയമായി നിജപ്പെടുത്തുന്നു.

ഉത്തരവ് പ്രകാരം,

തപസ് കുമാർ,
*ഭാരത തെരഞ്ഞെടുപ്പ് കമ്മീഷന്റെ*
*പ്രിൻസിപ്പൽ സെക്രട്ടറി.*

©
Government of Kerala
കേരള സർക്കാർ
2012

Reg. No. രജി. നമ്പർ
KL/TV(N) /12/12-14

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
അസാധാരണം

## PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LVII<br>വാല്യം 57 | Thiruvananthapuram,<br>Wednesday<br>തിരുവനന്തപുരം,<br>ബുധൻ | 22nd February 2012<br>2012 ഫെബ്രുവരി 22<br>3rd Phalguna 1933<br>1933 ഫാൽഗുനം 3 | No.<br>നമ്പർ 361 |

GOVERNMENT OF KERALA

**Election (General) Department**

NOTIFICATION

No. 5853/EL2/2011/Elec. *Dated, Thiruvananthapuram, 22nd February, 2012.*

The Election Commission of India's Notifications No. 100/KL-LA/1/2012, dated 22nd February, 2012 (English and Malayalam) are hereby published.

By Order,

NALINI NETTO,
*Chief Electoral Officer and*
*Principal Secretary to Government.*

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2012.
33/825/2012/DTP.

## ELECTION COMMISSION OF INDIA

Nirvachan Sadan, Ashoka Road, New Delhi-110 001

*Dated* *22nd February, 2012* / *3rd Phalguna, 1933 (Saka).*

NOTIFICATION

**No. 100/KL-LA/1/2012.**—WHEREAS, the Commission has issued notification under section 150 (1) of the Representation of the People Act, 1951 and published in the State Gazette of Kerala on the 22nd February, 2012 calling upon electors of 85-Piravom Assembly Constituency to elect, before the 25th March, 2012 and in accordance with the provisions of the said Act and of the rules and orders made thereunder, a person, for the purpose of filling the vacancy caused in the Kerala Legislative Assembly due to death of Sri T. M. Jacob, on 30-10-2011; and

WHEREAS, under section 30 of the said Act, 18th March, 2012 was fixed in the said notification, as the date, on which a poll shall, if necessary, be taken;

Now, the Commission has decided that the **date of poll shall be 17th March, 2012 (Saturday) instead of 18th March, 2012.** Other stages of the election programme will remain unchanged as notified in the original notification dated 22nd February, 2012.

By Order,

(Sd.)
TAPAS KUMAR,
*Principal Secretary.*

# ഭാരത തെരഞ്ഞെടുപ്പ് കമ്മീഷൻ

നിർവാചൻ സദൻ, അശോക റോഡ്, ന്യൂഡൽഹി-110 001

തീയതി *2012 ഫെബ്രുവരി 22*
*1933 ഫാൽഗുനം 3 (ശക).*

## വിജ്ഞാപനം

**നമ്പർ 100/കെഎൽ-എൽഎ/1/2012.**—ശ്രീ. റ്റി. എം. ജേക്കബിന്റെ നിര്യാണംമൂലം 30-10-2011-ന് കേരള നിയമസഭയിൽ ഉണ്ടായിട്ടുള്ള ഒഴിവ് നികത്തുന്നതിനുള്ള ആവശ്യത്തിലേക്കായി, 1951-ലെ ജനപ്രാതിനിധ്യ ആക്ടിലേയും അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും ഉത്തരവുകളിലേയും വ്യവസ്ഥകൾ പ്രകാരം, 2012 മാർച്ച് 25-ന് മുമ്പായി, ഒരാളിനെ തെരഞ്ഞെടുക്കാൻ 85-പിറവം നിയമസഭാ നിയോജകമണ്ഡലത്തിലെ സമ്മതിദായകരോട് ആവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത ആക്റ്റിന്റെ 150 (1)-ാം വകുപ്പിൻകീഴിൽ കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ച് 2012 ഫെബ്രുവരി 22-ാം തീയതിയിലെ കേരള സംസ്ഥാന ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതിനാലും;

പ്രസ്തുത ആക്റ്റിന്റെ 30-ാം വകുപ്പുപ്രകാരം, 2012 മാർച്ച് 18, ആവശ്യമുള്ളപക്ഷം, വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയായി പ്രസ്തുത വിജ്ഞാപനത്തിൽ നിശ്ചയിച്ചിരുന്നതിനാലും;

ഇപ്പോൾ, വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതി **2012 മാർച്ച് 18-ന് പകരം 2012 മാർച്ച് 17 (ശനിയാഴ്ച)** ആയി കമ്മീഷൻ നിശ്ചയിച്ചിരിക്കുന്നു. തെരഞ്ഞെടുപ്പ് കാര്യക്രമങ്ങളിലെ മറ്റ് ഘട്ടങ്ങൾ 2012 ഫെബ്രുവരി 22-ാം തീയതിയിലെ മൂലവിജ്ഞാപനത്തിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതുപോലെ മാറ്റമില്ലാതെ തുടരുന്നതാണ്.

ഉത്തരവ് പ്രകാരം,

(ഒപ്പ്)

തപസ് കുമാർ,
*പ്രിൻസിപ്പൽ സെക്രട്ടറി.*